# India strongly condemns the heinous terror attack on a Gurudwara in Kabul today

March 25, 2020

## കാബൂളിലെ ഗുരുദ്വാരയിൽ എന്ന് നടന്ന നീചമായ തീവ്രവാദ ആക്രമണത്തെ ഇന്ത്യ ശക്തമായി അപലപിച്ചു

**മാർച്ച് 25, 2020**

മരിച്ചവരുടെ കുടുംബാങ്ങൾക്ക് ഞങ്ങൾ അനുശോചനം അറിയിക്കുന്നു , അപകടത്തിൽ പരിക്കേറ്റവർ പെട്ടന്ന് സുഖം പ്രാപിക്കട്ടെയെന്നു ആശംസിക്കുകയും ചെയ്യുന്നു. അഫ് ഗാനിസ്ഥാനിൽ ബാധിക്കപ്പെട്ട എല്ലാ ഹിന്ദു-സിഖ് കുടുംബങ്ങൾക്കും സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ ഇന്ത്യ തയാറാണ്.

ന്യൂന്യപക്ഷ സമൂഹങ്ങളുടെ ആരാധനാലയങ്ങളിൽ ഇത്തരം ഭീരുത്വപരമായ ആക്രമണങ്ങൾ, പ്രത്യേകിച്ചും ഈ കോവിഡ്-19 പകർച്ച വ്യാധിയുടെ സമയത്ത് നടത്തുന്നത്, ഇതിന് പിറകിലുള്ളവരുടെയും അവരെ പിന്തുണയ്ക്കുന്നവരുടെയും വളരെ നിന്ദ്യമായ മാനസികാവസ്ഥയാണ് സൂചിപ്പിക്കുന്നത്.

ആക്രമണത്തെ പെട്ടന്ന് തന്നെ നേരിട്ട ധീരരായ അഫ്ഗാൻ സൈനികസംഘങ്ങളെ അവരുടെ അസാധാരണ ധൈര്യത്തിനും അഫ്ഗാൻ ജനതയെ തങ്ങളുടെ രാജ്യത്തെയും സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധതയെയും ഞങ്ങൾ പ്രശംസിക്കുകയാണ്.

രാജ്യത്തിൽ സമാധാനവും സുരക്ഷിതത്വവും കൊണ്ട് വരുന്നതിനുള്ള അഫ്ഗാനിസ്ഥാനിലെ ജനതയുടെയും സർക്കാരിന്റെയും സൈനികരുടെയും പ്രവർത്തങ്ങൾക്ക് ഇന്ത്യ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

**ന്യൂ ഡൽഹി**
**25 മാർച്ച് , 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.